പൂയംകുട്ടി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി

*429 [451] ശ്രീ. എം. വി. മാണി:

ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതികളിൽ ഒന്നായ പൂയംകുട്ടി പദ്ധതിയുടെ സർവ്വേ പൂർത്തിയായോ;

(ബി) സർവ്വേ പൂർത്തിയായെങ്കിൽ ഈ പദ്ധതിക്കെത്ര മെഗാവാട്ട് ഉൽപ്പാദനശക്തിശേഷി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഇതിന് എത്ര കോടി രൂപ ചെലവ് വരും;

(സി) കേരളത്തിലെ വ്യവസായ മേഖലയായ ആലുവായ്ക്കു കൂടുതൽ ശുദ്ധജലം കിട്ടുന്നതിന് ഉപകരിക്കുന്ന ഈ പദ്ധതി എത്രയും വേഗം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പൂർത്തിയായിട്ടില്ല. പുതിയ പദ്ധതികളിൽ അതിന് മുൻഗണന നൽകി രണ്ടുവർഷത്തിനകം സർവ്വേ പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) സർവ്വേ പൂർത്തിയായാൽ ഈ പദ്ധതിക്ക് ആദ്യഘട്ടത്തിൽ നാലു പവർഹൗസ്വഴി 224 മെഗാവാട്ടും അവസാന ഘട്ടത്തിൽ 750 മെഗാവാട്ടും ഉൽപ്പാദനശേഷിയും ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിന് 150 കോടി രൂപ ചെലവുവരും.

(സി) 1978—1983-ലെ പഞ്ചവൽസരപദ്ധതി കാലത്ത് ഈ പദ്ധതി നടപ്പിൽ വരുത്താൻ സാധിക്കുമെന്നും അതിന്റെ പ്രയോജനം അടുത്ത പഞ്ചവൽസര പദ്ധതിയുടെ (1983-1988) അവസാനത്തോടു കൂടി ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

ഭരണ ഭാഷാമാറ്റം

*430 [452] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമായി പ്രഖ്യാപിച്ചിട്ടും സെക്രട്ടേറിയറ്റിൽ മലയാളത്തിലേക്കുള്ള മാറ്റം വളരെ മെല്ലെയാണെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാതലങ്ങളിലും ഭരണഭാഷ മാറ്റാനുള്ള് സത്വര നടപടി സ്വീകരിക്കുമോ;

(സി) വില്ലേജു മുതൽ ഭരണഭാഷ മലയാളമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly